File No.SCSTDD-PM1/58/2017-SCSTDD

-1-

C2/5093

SCHEDULED TRIBES DEVELOPMENT DEPT. TVM DRUM 3/4/17

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അരിവാൾ രോഗികൾക്ക് നല്കി വരുന്ന പ്രതിമാസ ധനസഹായം 2000/- രൂപയിൽ നിന്നും 2500/- രൂപയായി (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന(പി.എം)വകുപ്പ്

സ.ഉ.(സാധാ)/949/2017/പ.ജ.പ.വ.വി.വ

തിരുവനന്തപുരം,തീയതി, 30/03/2017

---

പരാമർശം:-

1. സ.ഉ. (സാധാ) നം.126/2016/പജപവവിവ. തീയതി 02/02/2016.
2. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ, 09/02/2017 തീയതിയിലെ സി2-8100/2016(1) നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന അരിവാൾ രോഗത്തിന് ഒരു സാന്ത്വനമെന്ന നിലയിൽ 'അരിവാൾ രോഗികൾക്ക് സാന്ത്വനം' എന്ന പദ്ധതിക്ക് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നല്കി ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി അരിവാൾ രോഗികൾക്ക് മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 2000/- രൂപ. (രണ്ടായിരം രൂപ) ധനസഹായം അനുവദിച്ച് നൽകി വരുന്നു.

2) അരിവാൾ രോഗികൾക്ക് നല്കിവരുന്ന ധനസഹായം 3000/- രൂപയായി (മൂവായിരം രൂപ മാത്രം) ഉയർത്തുന്നതിനു പരാമർശം രണ്ടുപ്രകാരം പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ അരിവാൾ രോഗികൾക്ക് നല്കി വരുന്ന പ്രതിമാസ ധനസഹായം 2000/- രൂപയിൽ നിന്നും 2500/- രൂപയായി (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായി വരുന്ന തുക 2225-02-282-92-Assistance for Sickle Cell Anaemia Patients (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.ശോഭന

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം